**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4562** **13-03-2023 - ൽ മറുപടിയ്ക്ക്**

**ആദിവാസി ഊരുകളുടെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസി ഊരുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്രവികസനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനനിർമ്മാണം, ഭവനപുനരുദ്ധാരണം, കുടിവെള്ള വിതരണ പദ്ധതികൾ, ശുചിത്വ പരിപാടികൾ, നടപ്പാത, നടപ്പാലം മുതലായ അടിസ്ഥാന സൗകര്യ വികസന പദ്ധതികളും, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമായുള്ള ക്ഷേമപ്രവർത്തനങ്ങൾ, ജീവനോപാധികളുടെ വിതരണം തുടങ്ങിയവയും ഊരുകൂട്ട ശുപാർശയനുസരിച്ച് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നുണ്ട്.<br><br>2021-22 സാമ്പത്തിക വർഷം ടി പദ്ധതിക്കായി തെരഞ്ഞെടുത്ത 64 കോളനികളിൽ ഡി.പി.ആർ. ലഭ്യമായ 25 കോളനികളിൽ 19 കോളനികൾക്ക് പ്രവർത്താനുമതി നൽകിയിട്ടുണ്ട്. ശേഷിക്കുന്ന കോളനികളുടെ ഡി.പി.ആർ. തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര ആദിവാസി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 32 പട്ടികവർഗ്ഗ കോളനികളിലെ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ പൂർണ്ണമായും, 22 പട്ടിക വർഗ്ഗ കോളനികളിലെ വികസന പ്രവർത്തനങ്ങൾ 90%വും പൂർത്തീകരിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ